# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **6091** — 07.07.2014 ലെ മറുപടിക്ക്

## ബിൽഡിംഗ് റൂൾസ് ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ബിൽഡിംഗ് റൂൾ ലംഘിച്ച് നിർമ്മിച്ച പല അനധികൃത കെട്ടിടങ്ങൾക്കും പിന്നീട് അംഗീകാരം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഇത് തടയുന്നതിനായി ഉത്തരവുകളോ നിർദ്ദേശങ്ങളോ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ? | (എ) & (ബി) അനധികൃതനിർമ്മാണങ്ങൾ ക്രമവത്ക്കരിച്ച് നല്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങളിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിച്ച് നല്കുന്നുണ്ട്. സർക്കാരിന്റെ 13-07-2006, 07-08-2006 , 24-07-2010, 19-05-2014 എന്നീ തീയതികളിലെ സർക്കുലറുകൾ മുഖേന അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ജില്ലാതല വിജിലൻസ് സ്ക്വാഡ് നിലവിലുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ അനധികൃത നിർമ്മാണം നേരിട്ട് പരിശോധിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)ന്റെ നേതൃത്വത്തിൽ വിജിലൻസ് സെൽ വിപുലീകരിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നടത്തിയിട്ടുള്ള നിർമ്മാണങ്ങൾ കണ്ടെത്തി അവയുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് 19-05-2014 ലെ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ